# KKTM GGHSS KODUNGALLUR




Photo credi
Aseena P E

# സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതി രേഖ

# കെ കെ ടി എം ജി ജി എച്ച് എസ് എസ് കൊടുങ്ങല്ലൂർ

**ഫോൺ - 0480-2802108, 28212580**

**സ്കൂൾ കോഡ് - 23013**

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**2025-2026**

# SSLC RESULT

| | |
|---|---|
| 2019–100% | 50 FULL A+ |
| 2020–100% | 169 FULL A+ |
| 2021–100% | 140 FULL A+ |
| 2022–99.6% | 80 FULL A+ |
| 2023–100% | 66 FULL A+ |
| 2024–100% | 82 FULL A+ |
| 2025–100% | 47 FULL A+ |

# കുട്ടികളുടെ എണ്ണം
## ഹൈസ്ക്കൂൾ വിഭാഗം

| | STD 8 | STD 9 | STD 10 | TOTAL |
|---|---|---|---|---|
| 2019-2020 | 261 | 227 | 227 | 816 |
| 2020-2021 | 199 | 262 | 272 | 733 |
| 2021-2022 | 197 | 213 | 276 | 686 |
| 2022-2023 | 201 | 202 | 212 | 615 |
| 2023-2024 | 176 | 195 | 198 | 569 |
| 2024-2025 | 177 | 167 | 199 | 543 |
| 2025-2026 | 166 | 184 | 165 | 515 |

## യുപി വിഭാഗം

| | STD 5 | STD 6 | STD 7 | TOTAL |
|---|---|---|---|---|
| 2019-2020 | 147 | 138 | 159 | 444 |
| 2020-2021 | 105 | 152 | 154 | 411 |
| 2021-2022 | 117 | 120 | 166 | 403 |
| 2022-2023 | 118 | 131 | 136 | 385 |
| 2023-2024 | 92 | 117 | 135 | 344 |
| 2024-2025 | 92 | 93 | 125 | 310 |
| 2025-2026 | 67 | 101 | 91 | 259 |

<u>ഉള്ളടക്കം</u>


- പൊതുചരിത്രം
- വിദ്യാലയ മികവുകൾ
- മാതൃഭാഷ
- ഇംഗ്ലീഷ്
- ഹിന്ദി
- മറ്റു ഭാഷകൾ
- ശാസ്ത്രം
- സാമൂഹ്യ ശാസ്ത്രം
- ഉച്ചഭക്ഷണം

**ഉള്ളടക്കം**

- ഗണിതം
- കലാകായിക വിദ്യാഭ്യാസം
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം
- ജൈവ വൈവിധ്യ ഉദ്യാനം
- ക്ലാസ്സ് ലൈബ്രറി
- സർഗ്ഗമയ പ്രവർത്തനങ്ങൾ
- ഹൈടെക് സംവിധാനം
- ഇൻക്ലൂസീവ് എഡ്യൂക്കേഷൻ
- ടാലെന്റ് ലാബ്

# ആമുഖം

കേരളസർക്കാർ നവമിഷന്റെ ഭാഗമായി പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിലൂടെ ,പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കും ഉയർത്തുവാൻ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുകയാണ്. പദ്ധതിയുടെ ഭാഗമായി അക്കാദമിക മികവിന് പ്രാമുഖ്യം നൽകികൊണ്ട് അടിസ്ഥാനസൗകര്യം ഉൾപ്പെടെയുള്ള ഭൗതികവും അക്കാദമികവുമായ വികസനകാഴ്ച്ചപ്പാടുകൾ ഉൾപ്പെടുത്തികൊണ്ടുള്ള ഒരു സമഗ്രഗുണമേൻമ -അക്കാദമിക ആസൂത്രണ പദ്ധതിക്ക് കൊടുങ്ങല്ലൂർ -ഗവ ഗേൾസ് ഹയർസെക്കണ്ടറി സ്ക്കൂൾ വിദ്യാലയ വികസന സമിതി രൂപം കൊടുക്കുകയുണ്ടായി.വിദ്യാലയത്തിലെ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനും, ഗുണമേൻമാവിദ്യാഭ്യാസത്തിലൂന്നി വിദ്യാലയാന്തരീക്ഷം നവീകരിച്ച് ആധുനീകരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള ഈ പദ്ധതി 2017 മുതൽ 2024 വരെയുള്ള ദീർഘകാലപദ്ധതിയാണ്.കഴിഞ്ഞ ആറുവർഷത്തിനിടയിൽ അക്കാദമിക രംഗത്തും കലാകായികരംഗത്തും സാമൂഹ്യസേവനരംഗത്തും മികച്ച മാതൃകയായി നിലകൊള്ളുന്ന ഈ വിദ്യാലയം ഓരോ വർഷവും പ്രവേശന നിരക്കിൽ വൻ വർദ്ധനവ് രേഖപ്പെടുത്തി കൊണ്ടിരിക്കുകയാണ്. അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ,ഓരോ കുട്ടിയുടേയും സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് അവസരങ്ങൾ ഒരുക്കുവാൻ കഴിയൂ.ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടേയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർ പ്ലാൻ പൊതു വിദ്യാഭ്യാസ സംരംക്ഷണ യജ്ഞത്തിന്റെ സ്ഥാപനപരമായ സുപ്രധാന രേഖയാണ്.5മുതൽ ഹയർസെക്കണ്ടറി വരെ 1500ൽ പരം വിദ്യാർത്ഥികൾ പഠിക്കുന്ന ഈ പൈതൃകവിദ്യാലയത്തിന്റെ സമഗ്രഅക്കാദമിക വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിരേഖ പൊതുജനസമക്ഷം അവതരിപ്പിക്കുന്നു.

## വിദ്യാലയം-മികവിന്റെ കേന്ദ്രം കാഴ്ച്ചപ്പാട്

സമഗ്രഅക്കാദമിക വികസനപരിപാടി ദീർഘവീക്ഷണത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഒരു പ്രോജക്ടാണ്.പദ്ധതി പൂർത്തിയാകുമ്പോൾ അക്കാദമികരംഗത്തും

ഭൗതികസൗകര്യങ്ങളിലും അന്താരാഷ്ട്രനിലവാരം പുലർത്തുന്ന ക്യാംപസ് യാഥാർത്ഥ്യമാകും.മുഴുവൻ വിദ്യാർത്ഥികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേയ്ക്ക് എത്താൻ സഹായകരമായ പഠനാവസരങ്ങൾ ലഭ്യമാക്കുവാനും, ആധുനികസാങ്കേതിക വിദ്യയുടെ പുതിയ തലങ്ങൾ വിദ്യാർത്ഥികൾക്ക് മുൻമ്പിൽ തുറന്ന് കൊടുക്കുവാനും കഴിയും.ഗുണമേൻമയുള്ള വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പ് വരുത്തുന്നതോടൊപ്പം, ഹൈടെക് ക്ലാസ്സ് മുറികളിലേയും, സ്മാർട്ട് ക്ള്സ്സ്മുറികളിലേയും പുതിയ പഠനാനുഭവങ്ങൾ വിദ്യാലയന്തരീക്ഷത്തേയും പഠനപ്രക്രിയകളേയും ആധുനികവും ഉന്നതവുമാക്കി മാറ്റും.

ആധുനിക സൗകര്യങ്ങളോടുകൂടിയ വായനശാലകളും പ്രത്യേക സജ്ജീകരണങ്ങളോടെ തയ്യാറാക്കിയ ലബോറട്ടികളും കുട്ടികളിലെ വായനാഭിരുചിയേയും, ശാസ്ത്രഗവേഷണ പാടവത്തേയും ഉയർന്ന തലങ്ങളിലേക്കു നയിക്കുന്നു. ഡിജിറ്റൽ ലൈബ്രറിയും, ഡിജിറ്റൽ പാഠപുസ്തകങ്ങളും പഠന പ്രക്രിയ വളരെ എളുപ്പവും ആകർഷകവുമാക്കി മാറ്റും. ഒരു ക്ലാസ്സ് മുറിയിലെ എല്ലാ വിദ്യാർത്ഥികൾക്കും ഒരേ സമയം ഓരോ കമ്പ്യൂട്ടറുകൾ കൈകാര്യം ചെയ്യുവാൻ കഴിയുന്ന തരത്തിൽ കമ്പ്യൂട്ടർ ലാബുകൾ വിപുലപ്പെടുത്തുകയും, ആധുനികവത്കരിക്കുകയും ചെയ്യുന്നതോടെ 'ഐ.ടി' പഠനം കൂടുതൽ കാര്യക്ഷമവും ക്രിയാത്മകവും ആകും.

വിദ്യാർത്ഥികളുടെ അറിവിന്റേയും, കഴിവിന്റേയും,സമസ്ത മേഖലയേയും ലക്ഷ്യമിട്ടുകൊണ്ടുള്ള കലാപഠനം അവരുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുവാനും അവരിൽ അന്തർലീനമായ സർഗ്ഗചേതനയെ തൊട്ടുണർത്തുവാനും പ്രാപ്തമാക്കും.അതിലൂടെ പാഠ്യേതര പ്രവർത്തനങ്ങളിലും വിദ്യാലയമികവ് ഉയർത്തികാട്ടുവാനും കഴിയും.

എല്ലാകഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുക.

❖ 'ക്യാമ്പസ്സ് തന്നെ പുസ്തകം' എന്ന കാഴ്ചപ്പാടിൽ ജൈവവൈവിധ്യ ഉദ്യാനമാക്കി ക്യാമ്പസിനെ മാറ്റുക.
❖ സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക
❖ തനതായൊരു 'ജനകീയ വിദ്യാഭ്യാസ മാതൃക' സൃഷ്ടിക്കുക

- ❖ വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവത്കരണം അർത്ഥപൂർണ്ണമാക്കുക
- ❖ തൊഴിൽ നൈപുണ്യ പഠനത്തോടൊപ്പം വികസിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ ആരംഭിക്കുക.
- ❖ സ്കൂൾ വായനശാലകൾ, ലബോറട്ടറികൾ, എന്നിവ ആധുനികവത്കരിക്കുക
- ❖ കുട്ടികൾക്ക് കൗൺസിലിങ്ങ് സൗകര്യങ്ങൾ ഏർപ്പെടുത്തുക, വിപുലപ്പെടുത്തുക.
- ❖ കുട്ടികളുടെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുവാൻ സൗകര്യമൊരുക്കുക.
- ❖ പ്രത്യേക പരിഗണന അർഹിക്കുന്ന, പഠനവൈകല്യമുള്ള വിദ്യാർത്ഥികൾക്കു ആധുനിക ദൃശ്യ-ശ്രാവ്യ സംവിധാനങ്ങളുടെ സഹായത്തോടെ പ്രവർത്തനാധിഷ്ഠിത പഠനം സാധ്യമാക്കുക.
- ❖ മാനസികാരോഗ്യവും, മൂല്യബോധവും വളർത്തുന്നതിന് കൗമാര വിദ്യാഭ്യാസം നൽകുക
- ❖ സമ്പൂർണ്ണ അക്ഷരജ്ഞാനവും അക്കബോധവും വളർത്തുന്നതിനുള്ള കർമ്മപദ്ധതികൾ ദീർഘവീക്ഷണത്തോടെ ആവിഷ്കരിച്ചു നടപ്പിലാക്കുക.
- ❖ മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനവശ്യമായ രീതി ശാസ്ത്രം വികസിപ്പിക്കുക
- ❖ മികച്ച ശാരീരിക, വൈകാരിക,മാനസിക ആരോഗ്യം ഉറപ്പാക്കുക.

## വിദ്യാലയ ചരിത്രത്തിലൂടെ......

ചരിത്രമുറങ്ങുന്ന മുസിരിസ് പൈതൃക നഗരിയിൽ കൊടുങ്ങല്ലൂരിന്റെ സാംസ്കാരിക ചരിത്രത്തിൽ നിറഞ്ഞ് നിൽക്കുന്ന ഒരു അദ്ധ്യായമാണ് 120 വർഷം പിന്നിടുന്ന കൊടുങ്ങല്ലൂർ ഗവ.ഗേൾസ് ഹയർസെക്കന്ററി സ്ക്കൂൾ.രണ്ടാം ചേര സാമ്രാജ്യ ശില്പികളായ ചേരമാൻ പെരുമാക്കന്മാരുടെ ആസ്ഥാനം എന്ന നിലയിൽ പുകൾപെറ്റ ഈ പൈതൃക നഗരി ഇന്ത്യയിലെ മതസൗഹാർദ്ദത്തിന്റെ സംഗമ ഭൂമി കൂടിയാണ്.ഇന്ത്യയിലെ ആദ്യ മുസ്ലീം പള്ളിയും തോമാസ്ലീഹായുടെ പാദ സ്പർശം കൊണ്ട് അനുഗ്രഹീതമായ മാർത്തോമാ ദേവാലയവും കണ്ണകിയുടെ കഥ പറയുന്ന കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രവും തൊട്ടുരുമ്മി നിൽക്കുന്ന ഈ പുണ്യ ഭൂമിയിൽ 1896 ക്രാങ്കന്നൂർ എലിമെന്ററി സ്കൂൾ എന്ന പേരിൽ കൊച്ചി രാജാവിന്റെ മേൽനോട്ടത്തിലാണ് ഈ വിദ്യാലയം പിറവിയെടുക്കുന്നത്. കൊടുങ്ങല്ലൂർ ക്ഷേത്രത്തിന്റെ സത്രം ഹാളിലാരംഭിച്ച ഈ വിദ്യാലയത്തിൽ സവർണ്ണ വിദ്യാർത്ഥികൾക്ക് മാത്രമാണ് അക്കാലത്ത് പ്രവേശനം അനുവദിച്ചിരുന്നത് ആദ്യകാല അധ്യാപകരും സവർണ്ണർ മാത്രമായിരുന്നു.ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും ഉയർന്ന ഫീസാണ് ഈടാക്കിയിരുന്നത്.1925ൽ ഈ വിദ്യാലയം ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു. 1998ൽ ഹയർസെക്കന്ററി വിദ്യാലയമായി ഉയർത്തി.

120 വർഷങ്ങൾ പിന്നിടുമ്പോൾ കൊടുങ്ങല്ലൂരിന്റെ പൗരാണികചരിത്രത്തിന്റെ സ്മാരക സ്തംഭങ്ങളിലൊന്നായി ഉയർന്ന അക്കാദമിക വിജയത്തോടെ ഉയർന്ന സാമൂഹിക പ്രതിബന്ധതയോടെ തിളക്കമാർന്ന പാഠ്യേതര പ്രവർത്തനങ്ങളോടെ രണ്ടായിരത്തിൽ അധികം വിദ്യാർത്ഥികളുമായി ഈ പെൺ പള്ളിക്കൂടം ശിരസ്സുയർത്തി നിൽക്കുന്നു.

## പദ്ധതി വിശദാംശങ്ങൾ

- മേഖല: അക്കാദമികം
- പരിഗണിക്കുന്ന പ്രവർത്തനങ്ങൾ
- ഉപമേഖല
- ഭാഷാശേഷി വികസനവും, വായനാ പരിപോഷണവും-മലയാളത്തിളക്കം
- അറബി ഭാഷാപഠനം
- സംസ്കൃത ഭാഷാ പഠനം
- ഇംഗ്ലീഷ് ഭാഷാ പരിപോഷണം-ഹലോ ഇംഗ്ലീഷ്
- ഗണിതശേഷി വികസനം-ഗണിതം മധുരം
- ലൈബ്രറി ശാക്തീകരണം
- വീട്ടിലും വിദ്യാലയത്തിലും പച്ചക്കറിത്തോട്ടം
- സമഗ്ര ഉച്ചഭക്ഷണ പോഷകാഹാര പരിപാടി
- ദിനാചരണങ്ങൾ
- സാഹിത്യപോഷണം. രചനാ ശില്പ ശാലകൾ
- സ്കൂൾ പത്രം
- നാടകക്കളരി
- അദ്ധ്യാപക ശാക്തീകരണം
- കലാകായിക മേളകളിലെ പങ്കാളിത്തം
- മെഡിക്കൽ ക്യാമ്പ്
- പഠനയാത്രകൾ
- എസ്.ആർ.ജി.ശാക്തീകരണം
- പി.ടി.എ.ശക്തിപ്പെടുത്തൽ
- പ്രവൃത്തി പരിചയ പഠനം
- ജൈവ വൈവിധ്യ പാർക്ക്
- ലബോറട്ടറി നവീകരണം
- മൈക്രോ ലാബ് നിർമ്മിക്കൽ

- വിദ്യാർത്ഥി ശാക്തീകരണ പരിപാടി - മിഠായി (യുപി)

  ശ്രദ്ധ (ഹൈസ്ക്കൂൾ)

- ഒരുങ്ങാം ( സ്കൂളിന്റെ തനത് പരിപാടി)
- അക്ഷരത്തേര്
- യോഗ പരിശീലനം
- കരാട്ടെ പരിശീലനം
- തയ്യൽ പരിശീലനം, ബാഗ് നിർമ്മാണം
- സൂംബ പരിശീലനം

# അക്കാദമിക ലക്ഷ്യങ്ങൾ

അക്കാദമിക തലത്തിലെ വളർച്ച

കുട്ടിയെ അറിയുക (ഭവന സന്ദർശനം)

ഒപ്പം ഒപ്പത്തിനൊപ്പം

സർഗാത്മകത

മാധ്യമ പ്രവർത്തനം

വിവര സാങ്കേതിക വിദ്യ

പഠന കൂട്ടങ്ങൾ

വിശ്വാസ്യത നേടൽ

സാമൂഹിക ബന്ധങ്ങൾ

ഡിജിറ്റൽ മുന്നേറ്റം

ജീവിത വെല്ലുവിളികളെ നേരിടാനുള്ള പരിശീലനം

ലഹരിക്കെതിരെയുള്ള പോരാട്ടം

ശുചിത്വം സുകൃതം

തനത് പ്രവർത്തനങ്ങൾ

# അക്കാദമിക ലക്ഷ്യങ്ങൾ

കുട്ടിയുടെ സമഗ്രവികസനം

പ്രതിഭാ പോഷണം

പ്രത്യേക പരിഗണന നൽകൽ

പാർശ്വവത്ക്കരിക്കുന്നവർക്ക് സാന്ത്വനം

ഇതര വിദ്യാർത്ഥികൾക്ക് പരിഗണന

സർക്കാർ പദ്ധതികൾ

സ്വയം സമർപ്പണം

# അക്കാദമിക ലക്ഷ്യങ്ങൾ

വിവേചനരഹിതം

ജീവിത നൈപുണി

ജനാധിപത്യവത്കരണം

നിരന്തര വിലയിരുത്തൽ

വേറിട്ട വിദ്യാലയങ്ങൾ

പാഠ്യപദ്ധതി പൂർത്തീകരണം

പരിസ്ഥിതി സൗഹൃദം

വിവിധ കോഴ്സുകളെ അറിയുക

# മേഖലാ ഭാഷാപഠനം മലയാളം

- നിലവിലെ അവസ്ഥ കണ്ടെത്തൽ
- ഉയർന്ന ഭാഷാശേഷി വികസനം
- സ്കൂൾതല ശിൽപശാലകൾ
- ഗവേഷണാത്മക പ്രവർത്തനങ്ങൾ
- ഡയറക്ടറി നിർമ്മാണം
- പഠനോപകരണ നിർമ്മാണം
- ബാലസഭാ കാര്യക്ഷമമാക്കൽ
- വായനാസംസ്കാരം വളർത്തൽ
- വ്യവഹാര രൂപങ്ങൾ
- സ്റ്റാർസ് - ബഡിംങ്ങ് റൈറ്റേഴ്സ്
- ലൈബ്രറി നവീകരണം
- സാഹിത്യ പ്രതിഭകളെ തിരിച്ചറിയാം- മൽസരം

# സംസ്കൃതം

## ലക്ഷ്യം

**1. എല്ലാ കുട്ടികൾക്കും ഭാഷ വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ, മികവും പരിമിതികളും കണ്ടെത്തുന്നു.**

പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, പതിപ്പുകൾ, മാഗസിനുകൾ രചനാശിൽപശാലകൾ.

**2. അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുന്നു .**

ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്, വായനാമൂല, പദപയറ്റ്, നിഘണ്ടു നിർമ്മാണം, പോസ്റ്റർ നിർമ്മാണം.

**3. സാഹിത്യാഭിരുചികളെ വളർത്തുന്ന പ്രവർത്തനങ്ങൾ .**

കഥ കവിത വിവിധ സാഹിത്യ ശാഖകൾ എന്നിവയെ പരിചയപ്പെടുത്തുന്നതിന് വേണ്ടുന്ന പതിപ്പുകൾ നൂതന സാങ്കേതിക വിദ്യ സഹായങ്ങൾ.

**5. സ്കോളർഷിപ്പ് പരിശീലനം.**

മോണിംഗ് ഈവനിംഗ് പരിശീലന ക്ലാസുകൾ, മുൻവർഷങ്ങളെ ചോദ്യപേപ്പറുകൾ നൽകിക്കൊണ്ടുള്ള പരിശീലനം.

# ഭാഷാപഠനം അറബിക്

വികാസപ്രദമായ ഭാഷാമുന്നേറ്റത്തിന് വ്യത്യസ്തമായ പ്രവർത്തനങ്ങൾ

- കൂടുതൽ വായിക്കാനുള്ള അവസരങ്ങൾ ഒരുക്കുക
- കേൾക്കുക എന്നത് ഭാഷാ പഠനത്തിൽ അത്യന്താപേക്ഷിതമായതിനാൽ പരമാവധി അതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക
- വിവിധ തരം മൽസരങ്ങൾ സംഘടിപ്പിക്കുക

# ഭാഷാ പഠനം - ഇംഗ്ലീഷ്

- കേൾവി, വായന, എഴുത്ത്, സംസാരം, അഭിനയം എന്നിവയ്ക്ക് അവസരം നൽകുക
- ഭാഷാ വ്യവഹാരം പുഷ്ടിപ്പെടുത്തുക
- വ്യവഹാര രൂപങ്ങൾ പരിചയപ്പെടൽ
- സാഹിത്യാഭിരുചിയും സർഗാത്മകതയും വളർത്തുക
- രക്ഷിതാക്കൾക്കുള്ള ബോധവത്കരണം
- ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ
- HELPING HAND-പഠന നിലവാരം കുറഞ്ഞകുട്ടികളെ കൈ പിടിച്ചുയർത്താനുള്ള തനത് പദ്ധതി

## മേഖല ഭാഷാ പഠനം ഹിന്ദി

- ഹിന്ദി ക്ലബ്ബ് പ്രവർത്തനം
- ഹിന്ദി ക്ലാസ്സ് ലൈബ്രറി
- ഹിന്ദി അസംബ്ലി
- ഹിന്ദി പ്രശ്നോത്തരി
- ഹിന്ദി പ്രദർശന ബോർഡ്
- ഹിന്ദി ദിന പത്രം ലഭ്യമാക്കൽ
- ഹിന്ദി ഡിജിറ്റൽ ലൈബ്രറി

# മേഖല ഭാഷാ പഠനം ഹിന്ദി

- ഹിന്ദി നോട്ട് ബുക്ക് സമഗ്രവും ആകർഷവുമാക്കൽ
- ഐസിടി ഉപയോഗം കാര്യക്ഷമമാക്കൽ
- ഹിന്ദി ഡയറി
- ഹിന്ദിവർക്ക് ഷീറ്റ് നിർമ്മാണം
- ദിനാചരണങ്ങൾ ഹിന്ദിയിൽ
- ഹിന്ദി കൈയ്യെഴുത്ത് മാസിക
- എന്റെ ഹിന്ദി പുസ്തകം ആകർഷകമാക്കൽ
- ബാലസഭ
- ആഴ്ചയിൽ ഒരു ഹിന്ദി വാക്ക്

## മേഖല-സാമൂഹ്യശാസ്ത്രം

- വായനാമൂല ലൈബ്രറി
- ലാബ് ഒരുക്കൽ
- പഠന സാമഗ്രികൾ ഒരുക്കൽ
- ഐ സി ടി സാധ്യത പ്രയോജനപ്പെടുത്തൽ
- ശിൽപശാലകൾ
- പഠനയാത്ര

# മേഖല -ഗണിതശാസ്ത്രം

- അളവ് തൂക്ക ഉപകരണങ്ങൾ
- ഘന രൂപങ്ങൾ
- വർക്ക് ബുക്കുകൾ തയ്യാറാക്കൽ
- വർക്കിങ്ങ് മോഡലുകൾ
- പ്രോജക്ടുകൾ
- നാട്ടറിവ് കണക്ക് സംവാദം

## മേഖല-ഗണിതശാസ്ത്രം

- റിസോഴ്സ് മെറ്റീരിയൽ തയ്യാറാക്കൽ
- വാരാന്ത്യക്വിസ്
- ഗണിതശാസ്ത്ര സെമിനാറുകൾ
- പ്രാദേശിക വിദഗ്ദരെ പങ്കാളികളാക്കൽ

## മേഖല-ഗണിതശാസ്ത്രം

- ഗണിത കിറ്റ്
- ഗണിത ലൈബ്രറി
- ഗണിത ക്ലബ്ബ്
- ഗണിത മ്യൂസിയം
- ഗണിത നിഘണ്ടു
- ഗണിത ക്വിസ്

# മേഖല- ലൈബ്രറി

- പുസ്തക വായന പ്രോത്സാഹിപ്പിക്കൽ
- അലമാരകൾ ലഭ്യമാക്കി ഇനം തിരിക്കൽ
- പുസ്തക സെമിനാറുകൾ
- കാറ്റലോഗ്
- പ്രാദേശിക ലൈബ്രറിയുമായി ബന്ധം സ്ഥാപിക്കൽ
- ക്ലാസ്സ് ലൈബ്രറി ശാക്തീകരണം ലൈബ്രറി ഡിജിറ്റലൈസേഷൻ
- കുട്ടികളിലെ സർഗാത്മകത വളർത്താൻ 'ബഡിംങ്ങ് റൈറ്റേഴ്സ്'

## മേഖല - സാമൂഹ്യശാസ്ത്രം

- വായനാമൂല - ലൈബ്രറി
- ലാബ് ഒരുക്കൽ
- പഠന സാമഗ്രികൾ ഒരുക്കൽ
- ഐ സി ടി സാധ്യത പ്രയോജനപ്പെടുത്തൽ
- ശിൽപശാലകൾ
- പഠനയാത്ര
- പ്രാദേശിക ചരിത്ര രചന
- അറ്റ്ലസ് നിർമ്മാണം

# മേഖല-തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

- തൊഴിൽ സന്നദ്ധത
- ഉത്പാദന രംഗത്തെ സ്വാശ്രയത്ത്വം
- മാനവശേഷി വികസനം
- സന്തുലിത വ്യക്തിത്വ വികസനം
- വിവിധകൃഷി രീതികൾ ബഡ്ഡിങ്ങ്
- ഗ്രാഫ്റ്റിങ്ങ്,ലയറിങ്ങ്
- സ്വയം നിർമ്മിക്കൽ(സൂപ്പ്,തോരൻ,സ്ക്വാഷ്,സാലഡ്)
- ജൈവവള നിർമ്മാണം
- വസ്ത്ര നിർമ്മാണം

## മേഖല - തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

- ഫാബ്രിക് പെയിന്റിംഗ്
- എംബ്രോയിഡറി
- വെജിറ്റബിൾ പെയിന്റിംഗ്
- വീടിന്റെ പ്ലാൻ തയ്യാറാക്കൽ
- പ്ലംബിംഗ്
- ഇലക്ട്രിക്കൽ വയറിങ്ങ്
- നോട്ട് പുസ്തകം നിർമ്മാണം
- ചന്ദനത്തിരി, സോപ്പ് നിർമ്മാണം
- വിവിധ തരത്തിലുള്ള പണി ഉപകരണങ്ങൾ നിർമ്മിക്കൽ
- കുട്ടികളുടെ ഫാഷൻ ഷോ
- ഫുഡ് ഫെസ്റ്റ്
- ഫുഡ് പ്രിസർവേഷൻ പരിശീലനം

# MALAYALAM

# മലയാളം

1.കുട്ടികൾ അതാതു ക്ലാസുകളിൽ ആർജിക്കേണ്ട ശേഷികൾ, അക്ഷരജ്ഞാനം(എഴുത്ത്, വായന) എന്നിവ നേടിയിട്ടുണ്ടോ എന്നു ശ്രദ്ധ , നവപ്രഭ എന്നിവയുടെ മൊഡ്യൂൾ അനുസരിച്ച് പ്രീ ടെസ്റ്റ് ടൂൾ നിർമ്മിച്ച് ജൂൺ ആദ്യവാരങ്ങളിൽ പ്രീടെസ്റ്റ് നടത്തുന്നു.

2.ടോട്ടോച്ചാൻ, പാഠഭാഗങ്ങളിലെ കഥകൾ,കവിതകൾ, എന്നിവ വായിച്ച് സന്ദർഭങ്ങൾ, കഥാപാത്രങ്ങൾ, സവിശേഷതകൾ എന്നിവ കണ്ടെത്തൽ

3. മാതൃഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും, ആസ്വദിക്കാനുമുള്ള ശേഷി ആർജ്ജിക്കലിൽ ഉണ്ടായ വ്യതിയാനം കണ്ടെത്തൽ.ഓരോ ക്ലാസ്സിലും ഒരു പുസ്തകം (ആറടി മണ്ണ്, ഓസിലെ മായാവി,ആൻഫ്രാങ്കിന്റെ ഡയറികുറിപ്പുകൾ) പരിചയപ്പെടൽ ,ഡയറികുറിപ്പുകൾ തയ്യാറാക്കൽ,പതിപ്പുകൾ, മാഗസിനുകൾ തയ്യാറാക്കൽ അതിനുവേണ്ടി ക്ലാസ്സ് ലൈബ്രറി ഒരുക്കൽ

4. കുട്ടികളിലെ സാഹിത്യാഭിരുചി കണ്ടെത്തി സർഗ്ഗശേഷി വികസിപ്പിക്കുക, മലയാളത്തിലേയും മികച്ച എഴുത്തുകാരുടേയും രചനകൾ വായിക്കാൻ അവസരം നൽകുന്നു.ആനുകാലികങ്ങളിലേയും പത്രങ്ങളിലേയും ഭാഷാ പ്രയോഗവുമായി ബന്ധിപ്പിക്കൽ ഇതിനു വേണ്ടി അതാതു ക്ലാസ്സുകളിലെ ഒരു ഗ്രൂപ്പ് ഒരു ദിവസമെന്ന ക്രമത്തിൽ 5 മിനിറ്റു ഉപയോഗിച്ച് വായിച്ചു അവതരണം അതാതു മേഖലകളിൽ പ്രഗത്ഭരായ വ്യക്തികൾ നയിക്കുന്ന ശിൽപശാലകൾ സംഘടിപ്പിച്ച് കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പതിപ്പുകൾ പുറത്തിറക്കുന്നു.ദിനാചരണങ്ങളുടെ ഭാഗമായി അതുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കുന്നു.വിവിധ ഇനം കൃഷികൾ, കൃഷിരീതികൾ,കാർഷിക ഉപകരണങ്ങൾ എന്നിവ പരിചയപ്പെടുത്തൽ, പേരെഴുതൽ, ചിത്രങ്ങളുടെ ശേഖരണം, ആരോഗ്യദിനങ്ങളുമായി ബന്ധപ്പെട്ട് ഡോക്ടർമാർ തുടങ്ങിയവരുമായുള്ള അഭിമുഖം.

കുട്ടികളിലെ അഭിനയ സാധ്യതകൾ,രചനാ വൈഭവം എന്നിവ വളർത്തൽ (പാഠഭാഗങ്ങൾ) നാടകീകരണം, നാടക സമിതി രൂപീകരണം കലാമേളകളിൽ നാടക അവതരിപ്പിക്കൽ .

അച്ചടി മാധ്യമങ്ങളുടെ പ്രവർത്തന ഘട്ടങ്ങൾ മനസ്സിലാക്കുന്നു.പത്രആഫീസ് സന്ദർശനം,പത്ര നിർമ്മാണം,കത്തെഴുതൽ മത്സരം, പത്രാധിപർക്ക് അയച്ചു കൊടുക്കൽ.

# അക്കാദമിക്ക് മാസ്റ്റർപ്ലാൻ -മലയാളം(U.P)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാളം തെറ്റുകൂടാതെ എഴുതാനും വായിക്കാനും പറയാനും ശേഷി കൈവരിക്കുക | പദനിർമ്മാണം,കേട്ടെഴുത്ത് എന്നിവ നടത്തുന്നു.<br><br>ലൈബ്രറി,പുസ്തകം,പത്രം എന്നിവ അധിക വായനയ്ക്ക് നൽകുന്നു.വ്യക്തിഗത പതിപ്പ് നിർമ്മിക്കുന്നു. | ജൂൺ മുതൽ ഡിസംബർ വരെ | മലയാളം അധ്യാപകർ | |
| നാടക രചന,അഭിനയം എന്നിവയ്ക്കുള്ള സാധ്യത ഉപയോഗപ്പെടുത്തുന്നു. | നാടകാഭിനയത്തിനുയോജിച്ച് പാഠങ്ങൾ കണ്ടെത്തി നാടകരചന സംഭാഷണങ്ങൾ തയ്യാറാക്കി അഭിനയിക്കുന്നതിനവസരം നൽകുന്നു. | 1 മാസം | മലയാളം അധ്യാപകർ | ആവശ്യമായവ കുട്ടികൾ കൊണ്ടുവരുന്നു. |

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|
| മാതൃഭാഷ ഒഴുക്കോടെ സംസാരിക്കാനും തെറ്റുകൂടാതെ എഴുതാനും വായിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | • മുന്നറിവ് പരിശോധിക്കൽ<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ | ജൂൺ-മാർച്ച് | പുസ്തകങ്ങൾ, ചാർട്ട് | PTA |
| കരിക്കുലം ലക്ഷ്യമാക്കുന്ന ഭാഷാപഠന നേട്ടങ്ങൾ | വായനക്കളരി, ക്ലാസ് ലൈബ്രറി, സ്ക്കൂൾ ലൈബ്രറി, പുസ്തക പരിചയം വായനാക്കുറിപ്പുകൾ | | പത്രങ്ങൾ, മാഗസിനുകൾക്ലാസ് ലൈബ്രറി, സ്ക്കൂൾ ലൈബ്രറി, | PTA, BRC |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലസ് മുറികളിൽ ഒരുക്കുക | <u>സർഗ്ഗോത്സവം</u><br>പതിപ്പ് നിർമ്മാണം. കഥ, കവിത എഴുത്ത്. വായനാക്കുറിപ്പ് പോസ്റ്റർ, ഇൻലന്റ് മാഗസിൻ | | ചാർട്ടുകൾ, പത്രങ്ങൾ ലൈബ്രറി | PTA, BRC |

| | | | | |
|---|---|---|---|---|
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പുവരുത്തുക | ആശയവിനിമയശേഷി ക്ലാസ് തലം സർഗ്ഗവേള ദിനാചരണങ്ങൾ | | | PTA, BRC, DIET |
| ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യത | പഠനയാത്രകൾ കഥ, കവിത വായന കേൾപ്പിക്കാം | | ITC, പുസ്തകങ്ങൾ | PTA, BRC, DIET |
| സർഗ്ഗാത്മകത വികസിപ്പിക്കുക | ശില്പശാലകൾ (കഥ, കവിത) എഴുത്തുകാരുമായി അഭിമുഖം | | | PTA, BRC, DIET |

# SANSKRIT

# MASTER PLAN
# KKTM GGHSS KODUNGALLUR
# SANSKRIT

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|
| ലോകഭാഷകളിൽ മാതൃസ്ഥാനമാണ് സംസ്കൃതത്തിനുള്ളത് ഭാരതത്തിന്റെ സംസ്കാരികവും ആധ്യാത്മികവുമായ സമ്പത്തിന്റെ കലവറയാണ് സംസ്കൃതഭാഷ. സംസ്കൃതഭാഷാ പഠനത്തിലൂടെ സ്വഭാവ രൂപികരണവും സാധ്യമാകുന്നു. ശാസ്ത്ര സാങ്കേതിക തത്വശാസ്ത്രങ്ങളടക്കമുള്ള വിവിധ വിഷയങ്ങൾ കൃത്യതയോടെ ഭാഷാ ഗ്രന്ഥങ്ങളിൽ കണ്ടെത്താം | • അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• മലയാള-സംസ്കൃത പദങ്ങളുടെ ഉപയോഗം ഉറപ്പിക്കൽ<br>• സുഭാഷിതങ്ങളിലൂടെയും ഗാനങ്ങളിലൂടെയും കഥകളിലൂടെയും വ്യാകരണകാര്യങ്ങൾ മനസ്സിലാക്കൽ<br>• ചെറിയ വാചകങ്ങൾ നിർമ്മിക്കുന്നു<br>• എറ്റവും പ്രാധാന്യത്തോടെ കാണുന്ന വിഷങ്ങളാണ് അക്ഷര സ്ഫുടതയോടെ സംസാരിക്കാനും ഭാഷയിലെ വ്യാകരത്തിലൂടെ വിവിധ രീതികൾ ഉൾക്കൊള്ളിച്ചുള്ള പഠനവും | ജൂൺ-ജൂലൈയ്<br>ആഗസ്റ്റ്-ഒക്ടോബർ<br>നവംബർ<br>ഡിസംബർ-ഫെബ്രുവരി | ലഭ്യമായ സംസ്കൃതം മാഗസിനുകൾ, സുഭാഷിത ശേഖരം, അഭ്യാസ പത്രികകൾ | PTA,SMC |

# ARABIC

ARABIC

# അക്കാഡമിക്ക് മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | പദ്ധതി | പ്രവർത്തനം | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • ഭാഷാപരമായി പിന്നോക്കമുള്ള കുട്ടികളെ തിരിച്ചറിയുക<br>• അക്ഷരം ഉറപ്പിക്കൽ<br>• വാക്കുകൾ നിർമ്മിക്കുക<br>• വാക്യങ്ങൾ നിർമ്മിക്കുക<br>• ചിത്രകഥ വായന<br>• കംപ്യൂട്ടർ ഗെയിംസ്-അറബിക്ക് അക്ഷരങ്ങൾ<br>• പ്രത്യേക ക്ലാസ്സുകൾ | 4 മാസം (Jun – Sep) | • പുസ്തകങ്ങൾ<br>• C.D<br>• കംപ്യൂട്ടർ | P.T.A<br>BRC |
| 2 | സമൃദ്ധമായ പരന്ന വായന ശീലിപ്പിക്കുക | • സ്ക്കൂൾ ലൈബ്രറിയിൽ അറബിക് പുസ്തകങ്ങളുടെ ശേഖരം വിപുലീകരിക്കൽ<br>• അറബിക് പത്രങ്ങളുടെ ഓൺലൈൻ പതിപ്പ് വായിക്കാൻ അവസരമൊരുക്കുക<br>• അറബിക് പ്രസിദ്ധീകരണങ്ങളുടെ ശേകരണവും വായനയും<br>• ആഴ്ചകളിൽ അറബിക് വായനാമൂല (വായനാനുഭവം പങ്കുവെക്കൽ, | 1 വർഷം | • സ്കൂൾ ലൈബ്രറി പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണൾ<br>• കംപ്യൂട്ടർ<br>• ഇന്റർനെറ്റ് | P.T.A<br>BRC |

| | | | | | |
|---|---|---|---|---|---|
| | | പുസ്തക പരിചയം)<br>• വായന മത്സരം സംഘടിപ്പിക്കുക<br>• ഓൺലൈൻ -വായന | | | |
| 3 | അറബിക്ക് ഭാഷയിൽ ആശയവിനിമയ നൈപുണ്യം വികസിപ്പിക്കുക | • എല്ലാ മാസവും അറബിക്ക് അസംബ്ലി<br>• അറബിക് കലോത്സവങ്ങൾ കലാമത്സരങ്ങൾ<br>• അതിഥിയുമായി അറബിയിൽ അഭിമുഖം<br>• ആനുകാലിക വിഷയങ്ങളിൽ അറബിയിൽ ഗ്രൂപ്പ് ചർച്ച<br>• വ്യത്യസ്ഥ ഭാഷാ ശൈലികൾ പരിചയപ്പെടുത്തുന്ന വീഡിയോ പ്രദർശനവും പരിശീലനവും<br>• അറബിക് ക്ലബ്ബ് | 1 വർഷം | • കംപ്യൂട്ടർ<br>• ഇന്റർനെറ്റ് | P.T.A<br>BRC |
| 4 | കലാസൃഷ്ടികൾ (പിന്തുണയും പ്രോത്സാഹനവും) | • കുട്ടികളുടെ വിവിധങ്ങളായ രചനകൾ ഉൾപ്പെടുത്തി അറബിക് മാഗസിൻ<br>• ദിനാചരമത്തോടനുബന്ധിച്ച് അറബിക് പോസ്റ്ററുകൾ | അക്കാദമിക വർഷമുടനീളം | • വെബ്സൈറ്റുകൾ<br>• മാതൃകകൾ | P.T.A |

# ENGLISH

# Academic Masterplan (UP English)

| AIM | Activities | Time | Duty | Fund |
|---|---|---|---|---|
| • To enhance English leaning<br>• To develop writing skills<br>• To improve creativity of learners<br>• To develop communicative skills | 1. English Theatre Dramatisation of stories in the TB | Two stories in a term | | |
| | 2. My magazine | once in a term | | |
| | 3. Short film based on the text book. | film club | | |
| | 4. A day with a foreigner | English club | | |
| | 5. Role play competition | English club | | |

# ENGLISH

| No. | Objectives | Activities/ Materials | Time | Support Mechanism |
|---|---|---|---|---|
| 1 | Reading & comprehension-stories, autobiographies & poems | Reading competition-story books & poems | June to March | Library |
| 2 | Enhance their vocabulary by guessing the meaning from the context & by referring to a dictionary | Role play, skit, drama presentation, publishing a class magazine story board makings | | PTA<br>BRC<br>DIET |
| 3 | Read, Enjoy and appreciate poems | Recitation Competition<br>-Poems | | School Library |
| 4 | Listen with Comprehension | Newspaper reading, Story | | School Library |
| 5 | Engage in | Presentation-Newspaper,<br>story | | SMC<br>BRC |
| 6 | Performance based activities like commentary, announcement, group discussions etc & enhance the communicative skills | Debate, seminar-chart papers, CDS group discussions | | BRC SCHOOL LIBRARY SMC |

# HINDI

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടിഖൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br><br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br><br>ജൂൺ – ജൂലൈ |
| ആഴ്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്റ്റ് – സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ – നവംബർ |

**പത്താംതരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ –<br>ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ<br>ജനുവരി |

# Hindi (UP)

അക്ഷരം എഴുത്ത്, ചിഹനം ഉറപ്പിക്കൽ, അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്, വായന, വാക്യനിർമ്മാണം

ചിത്രം.... അടിക്കുറിപ്പ്, കഥ പറയൽ, കഥ എഴുതൽ, ബാക്കി കഥ എഴുതൽ.

**ഹിന്ദി അസംബ്ലി.**

സുരീലി ഹിന്ദിക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള പ്രവർത്തനങ്ങൾ.

ഹിന്ദി ക്ലബ് രൂപീകരണം, ക്ലാസ്സിൽ ഹിന്ദി ഭാഷക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള പ്രവർത്തനങ്ങൾ.

ചിത്രങ്ങൾ വരച്ചു  നിറം കൊടുക്കൽ,

ദിനചരണങ്ങൾ, പോസ്റ്റർ നിർമ്മാണം.

എഴുത്തും, വായനക്കും അധികം അവസരം നൽകൽ.

ICT മുഖേന സുരീലി കവിത ആസ്വാദ്യകരമക്കൽ

വായന കാർഡ് നൽകി വായന.

വർക്ക് ഷീറ്റ് ചെയ്യിക്കൽ

## മേഖല : ഭാഷാപഠനം (ഹിന്ദി)

<u>ലക്ഷ്യങ്ങൾ</u>

1. എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷാ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
2. ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കിമാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
3. ഓരോ യൂണീറ്റിലും ലഭിക്കേണ്ട പഠനനേട്ടം എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പാക്കുക.
4. ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

# ഹിന്ദി ഭാഷാപഠനം

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷായിൽ അഭിരുചി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ശേഷി വികസിപ്പിക്കൽ | കുട്ടികളുടെ പഠന നിലവാരം വിലയിരുത്തുന്നതിനാവശ്യമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നു<br>സമയബന്ധിതമായി ഏറ്റവും ലളിതവും രസകരവും ആകർഷകവുമായ തയ്യാറാക്കുകയും രക്ഷിതാക്കളുടെ സഹായത്തോടെ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ<br>BRC | |
| 2. | ഹിന്ദി അസംബ്ലി ഭാഷാപരമായ ശേഷികൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരം | എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു. പത്രവാർത്ത മഹത് വചനങ്ങൾ, സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ, ചിന്താവിഷയം, പാസ്തകവായന ഹിന്ദി പ്രശ്നോത്തരി തുടങ്ങിയവ ഉൾപ്പെടുത്തി ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ<br>BRC<br>PTA | |
| 3. | ദിനാചരങ്ങൾ ഹിന്ദിയിൽ | ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ദിനാചരങ്ങൾ ക്ലാസ്സ് റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് നടത്തുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ<br>PTA | |

| | | | | | |
|---|---|---|---|---|---|
| 4 | ഐ.സിടി ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കൽ | പാഠഭാഗങ്ങൾ ഐ.സിടിയുടെ സഹായത്തോടെ ലളിതവും രസകരവും ആകർഷകവും ആക്കിമാറ്റുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 5. | എന്റെ ഹിന്ദി ബുക്ക് നിർമ്മാണം | ഓരോ കുട്ടിക്കും അവരുടെ സ്വന്തം ഹിന്ദി ബുക്ക് ഇഷ്ടപ്പെട്ട പേര് നൽകി പോർട്ട് ഫോളിയോ ആയി ഉപയോഗിക്കാം ഇതിൽ കുട്ടി ശേഖരിക്കുന്ന ഹിന്ദി ഭാഷയുമായി ബന്ധപ്പെട്ടതെല്ലാം രേഖപ്പെടുത്താം | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ<br>BRC<br>PTA | |
| 6. | ഹിന്ദി ഫിലിം ക്ലബ് | ഓരോ മാസവും കുട്ടികളുമായി ബന്ധപ്പെട്ട ഓരോ ഫിലിം എല്ലാ കുട്ടികൾക്കും കാണാൻ പഠന സമയം നഷ്ടപ്പെടാതെ അവസരം നൽകുന്നു. | | | |
| 7 | നിരന്തര മുല്യ നിർണ്ണയത്തില്ലൂടെ പഠന പുരോഗതി വിലയിരുത്തി തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണം | നിരന്തര മുല്യ നിർണ്ണയത്തിന് കൂടുതൽ ശ്രദ്ധ നൽകി ഓരോ കുട്ടിയുടേയുംപഠന പുരോഗതി വിലയിരുത്തി പഠനനേട്ടം നേടിയെന്ന് ഉറപ്പുവരുത്തുകയും ഇല്ലെങ്കിൽ തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | ജനുവരി മുതൽ | ഹിന്ദി അധ്യാപകർ<br>BRC<br>PTA | |

## അക്കാദമിക്ക് മാസ്റ്റർ പ്ളാൻ-ഹിന്ദി (യു.പി.വിഭാഗം)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| യു.പി തലത്തിലെ കുട്ടികൾക്ക് അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം | ജൂൺ-ഓഗസ്റ്റ് | അക്ഷര ചാർട്ട് | അധ്യാപിക |
| കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ എഴുതുക | ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക തയ്യാറാക്കുക(ഹിന്ദിയിൽ)ICT സഹായം CWSN പങ്കാളിത്തം | സെപ്റ്റംബർ-ഒക്ടോബർ | | അധ്യാപിക |
| ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം | • ഹിന്ദി എസംബ്ലി<br>• ദിനാചരണങ്ങൾ<br>• ക്ലാസ് ലൈബ്രറി<br>• അധികവായന<br>• വായന കാർഡ്<br>• ചിത്രസഹായത്തോടെ ചിത്രകഥ പറയൽ, കഥ എഴുതൽ, വായനാമൂല,ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ,പോസ്റ്റൽ ഡിക്ഷ്ണറി | നവംബർ-ഫെബ്രുവരി | പുസ്തകങ്ങൾ | BRC,PTA,SCERT, അധ്യാപിക |

# BASIC SCIENCE

# അക്കാദമിക്ക് മാസ്റ്റർപ്ലാൻ -അടിസ്ഥാനശാസ്ത്രം(U.P)

| പ്രശ്നങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ഏജൻസി | |
|---|---|---|---|---|
| സ്കൂളിലെ ശാസ്ത്ര പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ | പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉറപ്പിക്കൽ,കുട്ടികളെ ലാബിൽ പ്രയോജനപ്പെടുത്തൽ(ശാസ്ത്ര പരീക്ഷണങ്ങൾ)<br>• ശാസ്ത്ര കോർണർ തയ്യാറാക്കുക<br>• ശാസ്ത്രകിറ്റ്<br>• ദിനാചരണങ്ങൾ | ജൂൺ-മാർച്ച് | അധ്യാപകർ,PTA,BRC | |
| ശാസ്ത്രത്തിന്റെ പ്രക്രിയാശേഷികൾ നേടാൻ മുഴുവൻ കുട്ടികളേയും പ്രാപ്തരാക്കുക | ലാബ് ശാക്തീകരണം,എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യാൻ അവസരം,ICT പ്രയോജനപ്പെടുത്തൽ | ജൂൺ-മാർച്ച് | അധ്യാപകർ,PTA,വിവിധ ക്ലബുകൾ | |
| കൃഷിയോടുള്ള അഭിരുചി വളർത്തുന്നതിന് | പച്ചക്കറിതോട്ടം വിദ്യാലയത്തിലും വീട്ടിലുംം | | രക്ഷിതാക്കൾ,അധ്യാപകർ,കുട്ടികൾ,PTA | |

| പ്രശ്നങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ഏജൻസി | |
|---|---|---|---|---|
| 5,6,7 ക്ലാസ്സുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠനനേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക | 5,6,7 ക്ലാസ്സുകളിലെ പാഠഭാഗങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | ജൂൺ-മാർച്ച് | അധ്യാപകർ | |
| | ശില്പശാല(വിദഗ്ധരെ ഉൾപ്പെടുത്തി ശില്പശാലകൾ നടത്തുക) | | വിദഗ്ധരുടെ സേവനം | |
| ശാസ്ത്ര സർഗാത്മകതക്കുള്ള അവസരങ്ങൾ കുറവ് | ഫീൽഡ്ട്രിപ്പ്<br>ശാസ്ത്ര നാടകങ്ങൾ<br>പരീക്ഷണ കളരികൾ<br>ശാസ്ത്രഗാനങ്ങൾ, കളികൾ | സെപ്റ്റംബർ-മാർച്ച് | PTA,<br>അധ്യാപകർ,<br>PTA | |
| ആധുനിക സാങ്കേതിക വിദ്യ | ICT വിഭവങ്ങൾ തയ്യാറാക്കൽ | ജൂൺ-മാർച്ച് | | |

# അടിസ്ഥാന ശാസ്ത്രം
## ക്ലാസ് 5

